## കേരള സർക്കാർ

**സംഗ്രഹം**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇടപാടുകാർ ട്രഷറിയിൽ നേരിട്ട് എത്താതെ തന്നെ ഓൺലൈനായി ഇടപാടുകൾ നടത്തുവാനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

**സ.ഉ.(അച്ചടി) നമ്പർ.148/2020/ധന.** **തീയതി, തിരുവനന്തപുരം, 04.11.2020.**

---

പരാമർശം :- ട്രഷറി ഡയറക്ടറുടെ 24.08.2020 – ലെ TRY/2067/2020-F2 നമ്പർ കത്ത്.

**ഉത്തരവ്**

കോവിഡ്-19 രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ട്രഷറിയുമായി ബന്ധപ്പെട്ട് ഇടപാട് നടത്തുന്നവർക്ക് നൽകുന്ന വിവിധ തരത്തിലുള്ള സേവനങ്ങൾ നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി ഓൺലൈനായി നൽകുന്നതിന്റെ ഭാഗമായി സേവിംഗ്സ് അക്കൗണ്ട് തുറക്കൽ, സ്ഥിര നിക്ഷേപം സ്വീകരിക്കൽ, ലൈഫ് സർട്ടിഫിക്കറ്റ് സ്വീകരിക്കൽ, ചെക്ക് ബുക്ക് അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കൽ എന്നീ വിഷയങ്ങളിൽ പരിഷ്കാരം വരുത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ട്രഷറി ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഓൺലൈനായി ഇടപാടുകൾ നടത്തുവാനുള്ള സൗകര്യം ഒരുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഓൺലൈനായി ട്രഷറി സേവിംഗ്സ് അക്കൗണ്ട് തുറക്കുവാൻ ഉപയോക്താവ് ആധാർ, പാൻ കാർഡ് എന്നിവയുടെ പകർപ്പിനോടൊപ്പം ഡിജിറ്റൽ കെ.വൈ.സി, എസ്.ബി. ഫോം നം.1 എന്നിവയുടെ സ്കാൻഡ് പകർപ്പ് ബന്ധപ്പെട്ട ട്രഷറിയുടെ മെയിൽ ഐ.ഡി. യിൽ ലഭ്യമാക്കേണ്ടതാണ്.

(ii) സേവിംഗ്സ് അക്കൗണ്ടിൽ നിന്നും തുക സ്ഥിരനിക്ഷേപമാക്കി മാറ്റുവാൻ എസ്.ബി. ഫോം നം. 1 - ൽ നിക്ഷേപ വിവരങ്ങൾ രേഖപ്പെടുത്തി സ്കാൻഡ് പകർപ്പ് ട്രഷറിയിലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്.

(iii) ജീവന സാക്ഷ്യപത്രം (life certificate) നൽകുന്ന ഉദ്യോഗസ്ഥൻ തന്റെ ഔദ്യോഗിക മെയിൽ ഐ.ഡി. യിൽ നിന്നും ട്രഷറി മെയിലിലേയ്ക്ക് പ്രസ്തുത സർട്ടിഫിക്കറ്റിന്റെ സ്കാൻഡ് പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

(iv) ചെക്ക് ബുക്കിനുള്ള അപേക്ഷ അക്കൗണ്ടുടമ ട്രഷറി മെയിൽ മുഖേന ലഭ്യമാക്കുമ്പോൾ അതു പരിശോധിച്ച് ചെക്ക് ബുക്ക് തപാൽ വഴി "Registered with Acknowledgement" ആയി അയയ്ക്കുന്നതിനു ചെലവു വരുന്ന 35/- രൂപ ഇടപാടുകാരിൽ നിന്നും ഈടാക്കി **"0070-60-800-20-receipts"** എന്ന ശീർഷകത്തിൽ വരവ് വെയ്ക്കേണ്ടതാണ്.

(v) ഓൺലൈൻ സംവിധാനത്തോടൊപ്പം നിലവിലുള്ള സംവിധാനവും തുടരുന്നതായിരിക്കും.

3. ഇതിനാവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് ട്രഷറി ഡയറക്ടർ അടിയന്തിരമായി നൽകേണ്ടതാണ്.

4. കേരള ട്രഷറി കോഡ്, വാല്യം II, അനുബന്ധം 3 - ൽ ഇതിനാവശ്യമായ ഭേദഗതികൾ പിന്നീട് വരുത്തുന്നതായിരിക്കും.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പ്രീത. ബി. എസ്.**,
ധനകാര്യ അഡീഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് II), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക് (ട്രഷറി ഡയറക്ടർ മുഖാന്തിരം)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Maji-L

സെക്ഷൻ ഓഫീസർ